**ഭരണഭാഷ – മാതൃഭാഷ**

സ്പോർട്സ് 2/193/2024/ഡി.ജി.ഇ

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം., തീയതി : 10.01.2024**
**ഫോൺ:0471- 2580 534; supdts.dge@kerala.gov.in**

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം – സ്പോർട്സ് - 2023 സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 11 മത്സരങ്ങൾ– - നടത്തുന്നത് – സംബന്ധിച്ച്

****************************

65-ാ മത് സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 11 മത്സര ഇനങ്ങളായ ക്രിക്കറ്റ് (അണ്ടർ 14,19 ആൺകുട്ടികൾ), ടെന്നീക്കോയ്റ്റ് (അണ്ടർ 19 ആൺ/പെൺ), സൈക്ലിങ്ങ് (അണ്ടർ19 ആൺ/പെൺ) എന്നീ മത്സരങ്ങൾ **17/01/2024 മുതൽ 20/01/2024 വരെ ഇടുക്കി** ജില്ലയിൽ വച്ചു നടത്തുന്നതാണ്. സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലാ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. https://sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടതാണ്. മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങളും തിയതിയും താഴെ സൂചിപ്പിക്കുന്നു.

## രജിസ്ട്രേഷൻ സ്ഥലവും, തീയതിയും ചുവടെ ചേർക്കുന്നു

| നം | ഐറ്റം | കാറ്റഗറി | രജിസ്ട്രേഷൻ തിയതി/സമയം/ സ്ഥലം | മത്സരം നടക്കുന്ന തീയതികൾ, സമയം | മത്സരവേദി |
|---|---|---|---|---|---|
| 1 | ക്രിക്കറ്റ് | സബ് ജൂനിയർ ആൺകുട്ടികൾ (അണ്ടർ 14) | 16.01.2024 06.00 PM താമസസ്ഥലം | 17.01.2024 & 18.01.2024 7.00 AM | കെ.സി.എ. ക്രിക്കറ്റ് സ്റേറഡിയം തെക്കുഭാഗം, തൊടുപുഴ |
| | | സീനിയർ ആൺകുട്ടികൾ (അണ്ടർ 19) | 16.01.2024 06.00 PM താമസസ്ഥലം | 17.01.2024 & 18.01.2024 7.00 AM | |

| | | | | | |
|---|---|---|---|---|---|
| 2 | ടെന്നികൊയ്റ്റ് | സീനിയർ ആൺ/പെൺ (അണ്ടർ 19) | 17.01.2024 06.00 PM താമസസ്ഥലം | 18.01.2024 & 19.01.2024 7.00 AM | ന്യൂമാൻ കോളേജ് ഇൻഡോർ സ്റ്റേഡിയം, തൊടുപുഴ |
| 3 | സൈക്ലിങ് | സീനിയർ ആൺ/പെൺ (അണ്ടർ 19) | 19.01.2024 06.30 AM മത്സരവേദി | 19.01.2024 8.00 AM | തൊടുപുഴ അരിക്കുഴ റോഡ് (അരിക്കുഴ കൃഷിഭവൻ മുതൽ അരിക്കുഴ മൂഴിക്കൽ ക്ഷേത്രം വരെയുള്ള ഭാഗം) |

**<u>നിർദ്ദേശങ്ങൾ</u>**

1. സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 11 മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
   i. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ **പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്.** (ഒർജിനൽ)
   ii. പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

2. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പന്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

3. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.

4. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. വനിത ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല

5. **എല്ലാ ടീമുകൾക്കും നിർബന്ധമായും ടീം മാനേജർ ഉണ്ടായിരിക്കേണ്ടാണ്. ഇല്ലാത്ത പക്ഷം റജിസ്ട്രേഷൻ ചെയ്യുന്നതല്ല.**

6. **16.01.2024 (ചൊവ്വ) വൈകീട്ട് 7 മണിയ്ക്ക് സെന്റ്. ജോർജ്ജ് എച്ച്.എസ്. മുതലക്കോടം, തൊടുപുഴ വച്ച് ടീം മാനേജർമാരുടെ മീറ്റിംഗ് ഉണ്ടായിരിക്കും. ക്രിക്കറ്റ്, ടെന്നീകൊയ്റ്റ് എന്നീ മത്സരങ്ങളുടെ ഫിക്സ്ചർ ഈ മീറ്റിംങ്ങിൽ തയ്യാറാക്കുന്നതാണ്. എല്ലാ ടീം മാനേജേഴ്സും നിർബന്ധമായും പങ്കെടുക്കേണ്ടതാണ് (ടീം മാനേജേഴ്സ് ഇല്ലാത്ത സാഹചര്യത്തിൽ ജില്ലാ പ്രതിനിധികൾ പങ്കെടുക്കേണ്ടതാണ്).**

7. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് **2,000/-** രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.

8. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ താമസ സൗകര്യം ആവശ്യമുള്ള ടീമുകൾ അന്നേദിവസം രാത്രി 10 മണിക്ക് മുമ്പ് തന്നെ താമസസ്ഥലത്ത് എത്തിച്ചേരേണ്ടതാണ്.

9. കുട്ടികളുടെ പ്രൈസ് മണി, സർട്ടിഫിക്കറ്റ്, മെഡൽ എന്നിവ കുട്ടികൾ തന്നെ നേരിട്ട് വാങ്ങേണ്ടതാണ്.

10. ഗ്രൂപ്പ് മത്സരത്തിന്റെ ടീ മാനേജർമാരെ നിയോഗിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് ടീം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

11. പൊതുവായുള്ള ആവശ്യങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ

1. ശ്രീ. ജെയ്മോൻ.പി.ജോർജ്ജ് (ജില്ല കോഡിനേറ്റർ) - 9446216293
2. ശ്രീ. നോബിൾ ജോസ് (ജില്ല സെക്രട്ടറി) - 9495575375

12. അക്കോമഡേഷനുമായി ബന്ധപ്പെടേണ്ട നമ്പർ

ക്രിക്കറ്റ്:-

1. ശ്രീ. റോണി ജോസ് സാബു - 8301068180
2. ശ്രീ. മാത്യു ജോസ് - 9400232255

ടെന്നികൊയിറ്റ്

1. ശ്രീ. ആൽവിൻ ജോസ് - 6238805004
2. ശ്രീമതി. സിനി ലൂയിസ് - 9744938637

സൈക്ലിങ്ങ്

1. ശ്രീ. മാത്യു ജോസ് - 9400232255

DIRECTORATE OF GENERAL EDUCATION
Jagathy, Thiruvananthapuram-14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. എല്ലാ ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)